## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.70** **06.06.2018-ൽ മറുപടിയ്ക്ക്**

## പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.പി.കെ. ശശി** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 1. അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തി വരുന്നു.<br>3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനം നൽകുകയും സ്വന്തമായി വ്യവസായം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുന്നു. പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വായ്പാ സൗകര്യം ഏർപ്പെടുത്തുന്ന തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.<br>4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം നേടുന്നതിനു സഹായിക്കുന്ന പ്രീ റിക്രൂട്ട്മെൻറ് ട്രെയിനിംഗ് പദ്ധതി.<br>5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.<br>6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വായ്പാ തുകയുടെ മൂന്നിലൊന്ന് എന്ന നിരക്കിൽ വകുപ്പ് മുഖേന പരമാവധി 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് |

| | | | |
|---|---|---|---|
| | | | 3.50 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br>7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതിയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്.<br>കൂടാതെ, പട്ടികജാതി യുവതി യുവാക്കൾക്ക് വിവിധ പ്രൊഫഷണൽ ഏജൻസികൾ മുഖേന പ്ലേസ്മെന്റ് ഉറപ്പാക്കിക്കൊണ്ട് ഹൗസ് കീപ്പിംഗ്/ഫുഡ് ആൻറ് ബിവറേജസ് സർവ്വീസസ്, മ്യൂറൽ പെയിൻറിംഗ് ആൻറ് ഗ്ലാസ് ആർട്ട്, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗ്, ഓയിൽ ആൻറ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആൻറ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്പ്മെൻറ് കോഴ്സ് എന്നീ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br>വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽ മേള സംഘടിപ്പിക്കുകയും, നൈപുണ്യ വികസന പദ്ധതികളും സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കുകയും ചെയ്യുന്നു. |
| (ബി) | സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട വൈദഗ്ധ്യ വികസന പദ്ധതികളും സാമ്പത്തിക സഹായ പദ്ധതികളും എന്തെല്ലാമാണ്; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസ്സിനസ്സ് മേഖലയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഫണ്ട് സപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനും പ്ലെയ്സ്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിലവാരം ഉയർത്തുന്നതിനു വേണ്ടി റീവാംപിംഗ് ഓഫ് ഐ.റ്റി.ഐ എന്ന പദ്ധതി പ്രകാരം സ്ഥലസൗകര്യവും കെട്ടിട അനുബന്ധ സൗകര്യവും ഉള്ള ഐ.റ്റി.ഐ കളിൽ പുതിയ |

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്ന് അറിയിക്കാമോ? | | കോഴ്സുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. പുതുക്കിയ സിലബസ് പ്രകാരം ടൂൾസ് ആൻറ് എക്യുപ്മെൻറ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻറർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ ലാബ് എല്ലാ ഐ.റ്റി.ഐ കളിലും തയ്യാറായി വരുന്നു. വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ തനതായ പ്ലെയ്സ്മെൻറ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. ടി സെല്ലുകൾ വഴി വിജയികളായ കുട്ടികൾക്ക് വിവിധ തൊഴിൽ സ്ഥാപനങ്ങൾ തൊഴിൽ ലഭ്യമാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതുവഴി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ധാരാളം പേർക്ക് പ്രശസ്ത തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ നേടാൻ അവസരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ 600 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**